## ഒൻപതാമദ്ധ്യായം

# പോഷകധാരകൾ

### 1. മരണഘോഷയാത്ര

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചത് കേരള മദ്യ നിരോധനസമിതിയുടെ അക്കാലത്തെ പ്രവർത്തനത്തിന്റെ മുഖ്യധാരയെ ആണ്. ഈ മുഖ്യധാരയെ പോഷിപ്പിച്ച മറ്റനേകം പ്രവാഹങ്ങളുണ്ട്. അവയിൽ ചിലതാണ് ഇവിടുത്തെ പ്രതിപാദ്യം. അത് ആരംഭിക്കും മുമ്പ് ഈ കാലഘട്ടത്തിൽ ഉണ്ടായ ചില തീരാനഷ്ടങ്ങളെ പരാമർശിക്കേണ്ടിയിരിക്കുന്നു. നേതൃനിരയിൽ ഒരു മരണഘോഷയാത്ര തന്നെ അന്ന് നടക്കുകയുണ്ടായി.

### 2. ഓച്ചിറ എൻ. എസ്. പണിക്കർ (1923 – 1993)

ഓച്ചിറ എൻ. എസ്. പണിക്കർ എന്ന പേരിൽ അറിയപ്പെടുന്ന ഓണാട്ടുകരക്കാരൻ എൻ. ശ്രീധരപ്പണിക്കർ ഒന്നാന്തരം അദ്ധ്യാപകനായിരുന്നു. പക്ഷേ ആ നിലയിൽ മാത്രമല്ല അദ്ദേഹം അറിയപ്പെട്ടിരുന്നത്. കൊല്ലം ജില്ലയിൽ അദ്ദേഹവുമയി ബന്ധമില്ലാത്ത ആദ്ധ്യാത്മിക–സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ കുറവായിരുന്നു. കേരളമദ്യനിരോധന സമിതി കൊല്ലം ജില്ലാ പ്രസിഡന്റ് എന്ന നിലയിലും സംസ്ഥാനേതാവ് എന്ന നിലയിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അദ്ദേഹം മട്ടാഞ്ചേരി സത്യാഗ്രഹത്തിൽ ജയിലിൽ പോവുകയുണ്ടായി. ഓച്ചിറ ക്ഷേത്രസമിതി, വലിയകുളങ്ങര ദേവസ്വം, എൻ. എസ്. എസ്സ്., വലിയകുളങ്ങര കുമ്പളത്തു ശങ്കുപ്പിള്ള സ്മാരക ആശുപത്രി, തഴവാ ഗാന്ധി സ്മാരകനിധി കേന്ദ്രം, സവോദയമണ്ഡലം എന്നിങ്ങനെ പല രംഗത്തും

എൻ. എസ്. പി. വളരെ സജീവമായി പ്രവർത്തിച്ചിരുന്നു. 13-6-1993 -ൽ അന്തരിച്ച അദ്ദേഹത്തിന്റെ പേരിൽ കൊല്ലം ജില്ലാ മദ്യനിരോധനസമിതി ഒരു പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

## 3. പി. കെ. ഗ്രിഗറി (1921 - 1993)

പി. കെ. ഗ്രിഗറി 8-10-1993-ൽ നിര്യാതനായപ്പോൾ വടക്കെ മലബാറിലെ മദ്യവിരുദ്ധപ്രസ്ഥാനത്തിന് ഏറ്റവും വിശ്വസ്തനായ ഒരു മുതിർന്ന നേതാവിനെയാണു നഷ്ടമായത്. പാലാ ഭാഗത്തുനിന്നു മലബാറിൽ തലശ്ശേരിക്കു കിഴക്കു മലയോരമായ ചെമ്പൻതൊട്ടിയിൽ കുടിയേറിപ്പാർത്ത അദ്ദേഹം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. വടക്കേ മലബാറിലെ മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ മുന്നണിയിൽ നിന്ന് അദ്ദേഹം കണ്ണൂർ ജില്ലാ മദ്യനിരോധനസമിതിയുടെ പ്രസിഡന്റ് എന്ന നിലയിലും നിഷ്ഠയോടെ പ്രവർത്തിച്ചിരുന്നു.

## 4. ആചാര്യ പി. റ്റി. തോമസ് (1931 - 1994)

മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ ആചാര്യ കെ. കെ. ചാണ്ടിയുടെ ഇളമുറക്കാരനായിരുന്ന റവ. പി. റ്റി. തോമസ് 10-6-1994ൽ അന്തരിച്ചപ്പോൾ 'പ്രോഹിബിഷൻ' മാസികയുടെ പ്രസാധകസമിതി കാര്യദർശിയായിരുന്നു. ആ നിലയിൽ മുന്നു വർഷം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ക്രൈസ്തവാശ്രമത്തിന് ഗാന്ധിമാർഗ്ഗവുമായും മദ്യവിരുദ്ധപ്രസ്ഥാനവുമായുള്ള ബന്ധം സുവിദിതമാണ്. ആചാര്യതോമസ് ആ പാരമ്പര്യത്തിന്റെ പരിശുദ്ധപ്രതീകം ആയിരുന്നു. ആദ്ധ്യാത്മിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ അദ്ദേഹത്തിന്റെ അകാലചരമം വലിയ വിടവു സൃഷ്ടിച്ചിരിക്കുന്നു.

## 5. എം. പി. മന്മഥൻ (1914-1994)

ജീവിച്ചരിക്കുമ്പോൾ തന്നെ ഒരു ഐതിഹ്യമായിക്കഴിഞ്ഞിരുന്ന പ്രൊഫ. എം. പി. മന്മഥന്റെ വ്യക്തിവിലാസമായിരുന്നു. കേരളമദ്യനിരോധനസമിതിയുടെ മുഖ്യമായ ആസ്തി. 1992 നവംബർ 25-ന് ആണ്

അദ്ദേഹത്തിന് ആദ്യം ഹൃദ്രോഗബാധ ഉണ്ടായത്, അന്നുമുതൽ അദ്ദേഹം മുവാറ്റുപുഴയിൽ സ്വഗൃഹത്തിൽ വിശ്രമത്തിലായി. എന്നാൽ 1980 ജൂൺ മാസത്തിൽ കേരള മദ്യനിരോധനസമിതി പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തപ്പോൾ മുതൽ അന്ത്യനിമിഷം വരെ അദ്ദേഹം ആസ്ഥാനത്തു തുടർന്നു. അതിന്റെ മുഖ്യശിൽപിയായി, പര്യായമായി. 1994 ആഗസ്റ്റ് 15-ന് അദ്ദേഹം നിര്യാതനായപ്പോൾ സമിതി അനാഥമായി എന്ന തോന്നലാണ് എല്ലാവർക്കും ഉണ്ടായത്. ഇന്നും ആ സ്മരണ മദ്യവിരുദ്ധ പ്രസ്ഥാനത്തെ പ്രചോദിപ്പിച്ചുകൊണ്ട് സജീവമായി നിലക്കൊള്ളുന്നു. മന്ഥൻസാറിനെക്കുറിച്ചു നേരത്തെ പല പരാമർശങ്ങളും ഉള്ളതിനാൽ കൂടുതൽ എഴുതുന്നില്ല.

## 6. ലക്ഷ്മി എൻ. മേനോൻ (1899 – 1994)

പ്രൊഫ. എം. പി. മന്മഥൻ അന്തരിച്ചു മൂന്നരമാസം കഴിഞ്ഞപ്പോൾ ലക്ഷ്മി എൻ. മേനോൻ നമ്മെ വിട്ടുപിരിഞ്ഞു. കേരള മദ്യനിരോധനസമിതിയുടെ സ്ഥാപകയും ആദ്യത്തെ പ്രസിഡന്റും എന്ന നിലയിൽ അവർ നമ്മുടെ നിത്യ സ്മരണയ്ക്ക് അർഹയാണ്. ആദിച്ചനെല്ലൂർ ഗ്രാമം തൊട്ട് ഡൽഹി വഴി ഐക്യരാഷ്ട്രസംഘടനയുടെ അമേരിക്കൻ ആസ്ഥാനം വരെ നീണ്ടുകിടക്കുന്ന കർമ്മോജ്ജ്വലമായ കഥയുടെ ഈ നായിക 80-ാം വയസ്സിലാണ് 'ഇനിയൊരങ്കത്തിനു ബാല്യമുണ്ട്' എന്ന മട്ടിൽ കേരള മദ്യനിരോധനസമിതി സ്ഥാപിച്ചത്. അന്ത്യനിമിഷം വരെ അവർ അതിന്റെ പരിപാടികളിൽ ഉത്സാഹപൂർവ്വം പങ്കെടുത്തു. 1994 നവംബർ 30-ന് ആ ദീപവും പൊലിഞ്ഞു.

## 7. ഈട്ടിത്തോപ്പ്

ഇടുക്കി ജില്ലയിൽ കട്ടപ്പന പട്ടണത്തിൽ നിന്നും 20 നാഴിക ദൂരെ ഇരട്ടയാർ, നെടുങ്കണ്ടം എന്നീ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കുടിയേറ്റഗ്രാമമായ ഈട്ടിത്തോപ്പ് മദ്യമുക്തമാക്കാൻ നടന്ന സമരം ശ്രദ്ധേയമാണ്. മദ്യത്തിന്റെ പിടിയിലമർന്ന ഈ ഗ്രാമത്തിൽ 1990 ജനുവരി 14-ാം തിയ്യതി കേരളമദ്യനിരോധനസമിതിയുടെ ഘടകം രൂപീകരിച്ചു. ഫാ. തോമസ് ആനക്കുഴിക്കാട്ടിൽ ഇടവകപ്പള്ളിയിൽ വികാരിയായി

വന്നശേഷം മദ്യവിരുദ്ധപ്രവർത്തനം ഊർജ്ജിതപ്പെട്ടു. പ്രചരണവും ബോധവൽക്കരണവും ആദ്യപടിയായി നടത്തിയിട്ട് ജൂലൈ മാസത്തിൽ പ്രത്യക്ഷസമരം ആരംഭിച്ചു. 6 മദ്യശാലകൾ പൂട്ടി. അവശേഷിച്ച ഏക കള്ളുഷാപ്പ് അനധികൃതമായി തുടർന്നു. ഇതിനെതിരെ സമരം രൂക്ഷമായി. ജൂലൈ 23-ാം തിയ്യതി ഗ്രാമത്തിലെ ജനങ്ങൾ ഒന്നടങ്കം നെടുങ്കണ്ടം എക്സൈസ് റെയിഞ്ച് ആപ്പീസിനുമുമ്പിൽ ധർണ്ണ നടത്തി. അധികൃതർ ചലിക്കുന്നില്ലെന്നു കണ്ടപ്പോൾ ഹൈക്കോടതിയെ സമീപിച്ചു. അവസാനത്തെ ഷാപ്പും പൂട്ടിക്കഴിഞ്ഞപ്പോൾ സമരം 79 ദിവസം പിന്നിട്ടിരുന്നു. ഈ സമരം ഇടുക്കി ജില്ലയിലെ മലയോരഗ്രാമങ്ങളിൽ വലിയ ചലനം സൃഷ്ടിച്ചു. ഇത് ക്രിയാത്മകമാർഗ്ഗത്തിലേക്കു തിരിച്ചുവിടാൻ 1991 ജനുവരി 9, 10, 11, 12 എന്നീ തിയ്യതികളിൽ പഞ്ചായത്തിലൂടെ ഒരു കാൽനട ജാഥ നടത്തി. ജാഥയുടെ സമാപനത്തോടനുബന്ധിച്ച് നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിൽ വെച്ചു മദ്യവിരുദ്ധ സെമിനാറും പൊതുസമ്മേളനവും ഉണ്ടായിരുന്നു. കേരള മദ്യനിരോധനസമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എം. പി. മന്മഥൻ ജില്ലാ പ്രസിഡന്റ് ഫാ. സേവ്യർ വെള്ളാരങ്കാട്ടിൽ, ഫാ. തോമസ് ആനക്കുഴിക്കാട്ടിൽ തുടങ്ങിയവർ സമ്മേളനത്തിൽ സംബന്ധിച്ചു.

## 8. 'ട്രാഡാ'

'ട്രാഡാ'യെപ്പറ്റി നേരത്തെ പരാമർശിച്ചിട്ടുണ്ട്. സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതിയുടെ ആഭിമുഖ്യത്തിലുള്ള ഈ കേന്ദ്രം 1987 സെപ്തംബർ 17-ാം തിയ്യതി മാങ്ങാനത്തു ഫാ. ജി. കോലത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. 1990-ൽ അത് 15 കിടക്കകളുള്ള ഒരു ആശുപത്രിയായി അയ്മനത്തേക്കു മാറിയപ്പോൾ പുതിയ ഘട്ടം ഉത്ഘാടനം ചെയ്തത് ലക്ഷ്മി എൻ. മേനോനായിരുന്നു. 1996-ൽ മങ്ങാനത്തു സ്വന്തം സ്ഥലത്തേക്കു മാറി. ഇന്നത് ഇന്ത്യയിലെ അതിപ്രശസ്തമായ ഒരു മദ്യമയക്കുമരുന്നു രോഗചികിത്സാകേന്ദ്രമാണ്.

## 8. 'പ്രതീക്ഷ'

മദ്യാസക്തി ചികിത്സയ്ക്കായി തലശ്ശേരിയിൽ 'പ്രതീക്ഷ' എന്ന പേരിൽ കേന്ദ്രം തുറന്നിട്ടുണ്ടെന്നു നേരത്തെ സൂചിപ്പിച്ചല്ലോ. 1991 ജനുവരി

19–ാം തിയ്യതി ആണു തലശ്ശേരി മാക്കൂട്ടം കവലയിൽ രൂപതയുടെ പുതിയ മെത്രാൻ ഡോ. ജോർജ് വലിയമറ്റം ഇത് ഉത്ഘാടനം ചെയ്തത്. മുൻമെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, ഐ. കെ. കുമാരൻ മാസ്റ്റർ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. ഡോ. പി. ജെ.സെബാസ്റ്റ്യൻ, ഡോ. ഫിലോമിന സെബാസ്റ്റ്യൻ തുടങ്ങിയ വിദഗ്ദ്ധരുടെ സാങ്കേതിക നേതൃത്വത്തിലാണു ചികിത്സാവിഭാഗം പ്രവർത്തനം ആരംഭിച്ചത്.

## 10. നെടുങ്കുന്നം

ചങ്ങനാശ്ശേരി പട്ടണത്തിന് ഏതാനും നാഴിക കിഴക്കുമാറിയുള്ള നെടുങ്കുന്നം പ്രദേശത്തെ മദ്യമുക്തമാക്കാനുള്ള സമരം അതികഠിനമായിരുന്നു. 'ജനങ്ങളിലേക്ക്' എന്ന കോട്ടയം ജില്ലാകളക്ടറുടെ പരിപാടിയോടുകൂടിയാണ് ഇതിന്റെ തുടക്കം. ഒരു കാലത്ത് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ നേതാവായിരുന്ന കെ. ജി. കൃഷ്ണൻ നായരായിരുന്നു സമരത്തിന്റെ സൂത്രധാരൻ. അനധികൃതഷാപ്പുകൾക്കെതിരെ ജനങ്ങൾ കളക്ടർക്കു പരാതി കൊടുത്തു. കളക്ടർ അവയെല്ലാം അടപ്പിച്ചു. കളക്ടർ പോയപ്പോൾ എല്ലാം വീണ്ടും തുറന്നു. ജനങ്ങൾ പ്രതികരിച്ചു. 1990 ജൂണിൽ മദ്യവിരുദ്ധകർമ്മസമിതിയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കി. 16–ാം തിയ്യതി അനധികൃതഷാപ്പുകൾക്കു നോട്ടീസ് നൽകി. 27 ഷാപ്പുകളിൽ മിക്കതും അടച്ചു. 3 എണ്ണം അവശേഷിച്ചു. അടച്ച ചില ഷാപ്പുകൾക്കു മുമ്പിൽ പല തവണ സമരം ചെയ്യേണ്ടിവന്നിരുന്നു. ഒടുവിൽ ദേവീക്ഷേത്രനടയിലുള്ള ഷാപ്പിനെതിരെ സമരം കേന്ദ്രീകരിച്ചു. എക്സൈസ്–പോലീസ്–വിജിലൻസ് വകുപ്പുകൾക്ക് ഇതു സ്ഥിരമായി അടപ്പിക്കുവാൻ കഴിഞ്ഞില്ല. അവസാനം ഷാപ്പിനു മുൻപിൽ ശരിക്കുള്ള സത്യാഗ്രഹം ആരംഭിച്ചു. എം. പി, എം. എൽ. എ., പഞ്ചായത്ത് അംഗങ്ങൾ എന്നിവരാരും പ്രശ്നം കാര്യമായി എടുത്തില്ല. പക്ഷേ ജനങ്ങൾ തോറ്റില്ല. അവസാനത്തെ അനധികൃതഷാപ്പും അടപ്പിച്ചിട്ട് അവർ അധികൃതഷാപ്പുകൾക്കു നേരെ തിരിഞ്ഞു. ഈ പഞ്ചായത്തിലാണു ഗാന്ധിജയന്തി ദിനത്തിൽ കോട്ടയം ജില്ലാ മദ്യനിരോധനസമ്മേളനം നടന്നത്. പ്രൊഫ. എം. പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, ജയപ്രകാശ് നാരായണൻ തുടങ്ങിയ സമിതി നേതാക്കളെ കൂടാതെ മന്ത്രി നീലലോഹിദാസൻ നാടാരും സമ്മേളനത്തിൽ പങ്കുകൊണ്ടു.

## 11. തമിഴ്നാട്ടിൽ

നമ്മുടെ ഈ അയൽസംസ്ഥാനത്തിൽ മദ്യനിരോധനം 1969–നു ശേഷം ഒരു രാഷ്ട്രീയക്കളിയുടെ ഭാഗമായിരുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. എം. കരുണാനിധിയും എം. ജി. രാമചന്ദ്രനും മദ്യനിരോധനം ഭാഗികമായോ പൂർണ്ണമായോ പിൻവലിക്കുകയും തിരിച്ചുകൊണ്ടു വരുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ജയലളിത അധികാരത്തിൽ വന്നപ്പോൾ 1–1–1987 മുതൽ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും അടച്ചു. അവിടുത്തെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമല്ല.

## 12. ആന്ധ്രപ്രദേശിൽ

1992 ആഗസ്റ്റിൽ ആന്ധ്രപ്രദേശിലെ നെല്ലൂർ ജില്ലയിൽ ഒരു വൻപിച്ച മദ്യവിരുദ്ധ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. ബോഗുണ്ട ഗ്രാമത്തിൽ തങ്ങളുടെ ഭർത്താക്കന്മാർ മദ്യവിഷബാധയേറ്റു ദുർമ്മരണത്തിന് ഇരയായതിൽ ക്ഷുഭിതരായ ഏതാനും പാവപ്പെട്ട സ്ത്രീകളാണ് ഇതു തുടങ്ങിവെച്ചത്. പ്രക്ഷോഭണം ജില്ലയിലാകെ ആളിപ്പടർന്നു. 1993 ഏപ്രിൽ 13–ാം തിയ്യതി മുഖ്യമന്ത്രി വിജയഭാസ്കര റെഡ്ഡി (കോൺഗ്രസ്സ്) പ്രതികരിച്ചു. ഒക്ടോബർ 1 മുതൽ നെല്ലൂരിൽ സമ്പൂർണ്ണ മദ്യനിരോധനവും മറ്റു സ്ഥലങ്ങളിൽ ഭാഗികനിരോധനവും ഏർപ്പെടുത്തുമെന്നു പ്രഖ്യാപിച്ചു. സ്ത്രീശക്തിക്കു മുൻപിൽ സർക്കാർ മുട്ടുകുത്തി. മദ്യനിരോധനവാഗ്ദാനം നൽകുന്നതിൽ കോൺഗ്രസ്സും മുഖ്യപ്രതിപക്ഷമായ തെലുങ്കുദേശവും തമ്മിൽ മത്സരമായി. 1994 ഒടുവിൽ തെരഞ്ഞെടുപ്പു വന്നപ്പോൾ തെലുങ്കുദേശം ജയിക്കുകയും ഡിസംബർ 12–ന് അധികാരമേറ്റ എൻ. ടി. രാമറാവു 1995 ജനുവരി 16 മുതൽ കള്ളൊഴിച്ചുള്ള എല്ലാ മദ്യവും നിരോധിക്കുകയും ചെയ്തു. പക്ഷേ രാമറാവുവിന്റെ കാലം കഴിഞ്ഞ് ഈ നിരോധനം പിൻവലിക്കപ്പെട്ടു.

## 13. ഹരിയാനയിൽ

1992–ൽ ഹരിയാനാ സംസ്ഥാനത്തു മദ്യവിരുദ്ധപ്രക്ഷോഭണം ആരംഭിച്ചു. ആര്യസമാജമായിരുന്നു ഇതിന്റെ മുന്നണിയിൽ. സമാജ

ത്തോടൊപ്പം കർഷകസംഘം, പഞ്ചായത്തു മഹിളാ മണ്ഡലം തുടങ്ങിയ സംഘടനകളും കൂടി. ആര്യപ്രതിനിധിസഭാ ജനറൽ സെക്രട്ടറി സ്വാമി അഗ്നിവേശ് ആയിരുന്നു പ്രക്ഷോഭണത്തിന്റെ നേതാവ്. ജനകീയ സമ്മർദ്ദം മൂലം 80% ഗ്രാമീണ മദ്യശാലകളും അടപ്പിച്ചു. പക്ഷേ, നിയമം വഴിയുള്ള സമ്പൂർണ്ണ മദ്യനിരോധനമായിരുന്നു അവർക്ക് ആവശ്യം. ഇതിനായി ഡൽഹിയിൽ നിന്നു ഹിസാറിലേക്കു സംഘടിപ്പിച്ച പദയാത്രയിൽ പങ്കെടുക്കാൻ പ്രൊഫ. എം. പി. മന്മഥനേയും ക്ഷണിച്ചെങ്കിലും അനാരോഗ്യം കാരണം അദ്ദേഹത്തിനു പോകാൻ കഴിഞ്ഞില്ല. എല്ലാ വലിയ രാഷ്ട്രീയ കക്ഷികളും പ്രസ്ഥാനത്തിന് എതിരായിരുന്നു. പക്ഷേ ക്രമേണ കാറ്റു മാറി വീണു. മദ്യത്തെ അനുകൂലിച്ചാൽ വോട്ടുപോകും എന്നവർ കണ്ടു. ആദ്യം ബൻസിലാലും (ഹരിയാന വികാസ് പാർട്ടി) പിന്നെ ദേവിലാലിന്റെ പുത്രൻ ഓംപ്രകാശ് ചൗട്ടാലായും (സമാജ് സവാദി പാർട്ടി) മദ്യനിരോധനത്തിന് അനുകൂലമായി മുന്നോട്ടുവന്നു. ഒടുവിൽ മുഖ്യമന്ത്രി ഭജൻലാലും (കോൺഗ്രസ്സ്) മദ്യനിരോധനനയത്തെ അംഗീകരിക്കുകയും ഭാഗികമായ നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. 1956 ഏപ്രിൽ 27-ാം തിയ്യതി നടന്ന തെരഞ്ഞെടുപ്പിൽ ബൻസിലാൽ ജയിച്ചു. ബി. ജെ. പി. യുമായി ചേർന്ന് മേയ് 11—ാം തിയ്യതി മന്ത്രിസഭ രൂപീകരിച്ച ബൻസിലാൽ 30 നിമിഷത്തിനുള്ളിൽ സമ്പൂർണ്ണ മദ്യനിരോധനം പ്രഖ്യാപിച്ചു. പക്ഷേ, രണ്ടു വർഷത്തിനുശേഷം അദ്ദേഹം തന്നെ അതു പിൻവലിച്ചു.

## 14. പൊഴിയൂർ

കേരളത്തിന്റെ തീരപ്രദേശത്തു മദ്ധ്യഭാഗത്തുള്ള ഗോതുരുത്ത് ദീർഘകാലമായി ഒരു വ്യാജവാറ്റുകേന്ദ്രമായിരുന്നെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ ദക്ഷിണഭാഗത്തുള്ള ഒരു വലിയ വ്യാജവാറ്റുകേന്ദ്രമായിരുന്നു പൊഴിയൂർ. 4000-ത്തോളം കുടുംബങ്ങൾ ഇവിടെ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരുന്നു. തിരുവനന്തപുരം ലത്തീൻ രൂപതയുടെ ചുമതല ഏറ്റപ്പോൾ മുതൽ മദ്യത്തിനെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച യുവ മെത്രാൻ ഡോ. എം. സൂസാപാക്യത്തിന്റെ ദൃഢനിശ്ചയത്തിന് ഈ പ്രദേശത്തെ വ്യാജവാറ്റു പൂർണ്ണമായി നിർത്താൻ കഴിഞ്ഞു. ഇത് കേരളത്തിലെ മദ്യവിരുദ്ധപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു അദ്ധ്യായമാണ്. 1992 ജൂലൈ 31-ാം തിയ്യതി ഇവിടെ സഭയുടെ ആഭിമുഖ്യത്തിൽ

വ്യാജവാറ്റു നിരോധിച്ചു. കഠിനമായ ഏതിർപ്പുകളേയും തിരിച്ചടികളേയും ധീരമായി നേരിട്ടുകൊണ്ട് ക്രിസ്തുവിന്റെ ദൗത്യത്തിലുള്ള ദൃഢമായ വിശ്വാസത്തോടെ മുന്നേറുകയാൽ രൂപതയിലെ വ്യാജവാറ്റ് രണ്ടുവർഷം കൊണ്ട് 95% ഉം കുറയ്ക്കാൻ കഴിഞ്ഞു.

## 15. കത്തോലിക്കാ സഭയുടെ നിലപാട്

ഇതേതുടർന്ന് 1994 ആദ്യത്തോടുകൂടി ഗോതുരുത്തും വ്യാജവാറ്റിൽ നിന്നുമുക്തമായി. 1994 കുടുംബവർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭയും മദ്യവർജ്ജന വർഷമായി ആചരിക്കാൻ കേരള ക്രൈസ്തവസഭയും ആഹ്വാനം ചെയ്തു. 1994 ലഹരി മുക്തവർഷമായി ആചരിക്കണമെന്ന് സംയുക്ത കേരള മദ്യവർജ്ജനസമിതി ഉത്തരമേഖലാ സമ്മേളനം 1993 ഓക്ടോബറിൽ തീരുമാനിച്ചു. ഇതിനുവേണ്ടി വിപുലമായ പരിപാടിയും ആവിഷ്കരിച്ചു. മദ്യവ്യവസായരംഗത്തുനിന്നു കത്തോലിക്കർ പിന്മാറണമെന്ന് 1994 ജനുവരി 2-ാം തിയ്യതി പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ ആവശ്യപ്പെട്ടു. വരാപ്പുഴ മെത്രാപ്പോലീത്താ മാർ കോർണേലിയസ് ഇലഞ്ഞിക്കലും 1994 മദ്യവർജ്ജന വർഷമായി ആചരിക്കാൻ ഇടയലേഖനത്തിലൂടെ അനുശാസിച്ചു.

## 16. വനിതാ സമ്മേളനം

സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ പോലും സ്ത്രീകൾ പൊതുരംഗത്തേക്കു ധാരാളമായി വരുന്നില്ല. മദ്യവിരുദ്ധപ്രസ്ഥാനത്തിൽ സ്ത്രീകൾ കൂടുതൽ താൽപര്യം കാണിക്കേണ്ടതാണ്. പക്ഷേ അതുണ്ടാവുന്നില്ല. ഇതിനൊരു പരിഹാരം കാണാനുള്ള ശ്രമത്തിന്റെ ഭാഗമായി കേരളമദ്യനിരോധനസമിതി 18-12-1995 ന് ആലപ്പുഴ ടൗൺ ഹാളിൽ വെച്ച് ഒരു പൂർണ്ണദിന സംസ്ഥാനവനിതാ സമ്മേളനം നടത്തുകയുണ്ടായി. ജില്ലാ പ്രസിഡന്റ് ഫാ. വി. പി. ജോസഫ് വലിയവീട്ടിൽ, സെക്രട്ടറി കെ. കെ. സിദ്ധാർത്ഥൻ എന്നിവർ സജ്ജീകരണങ്ങൾക്കു നേതൃത്വം നൽകി. വിവിധ ജില്ലകളിൽ നിന്നായി മദ്യവിരുദ്ധപ്രസ്ഥാനവുമായി ബന്ധപ്പെട്ട അഞ്ഞൂറോളം വനിതകൾ സമ്മേളനത്തിന് എത്തിയിരുന്നു. കൂടുതൽ

ആളുകൾ എത്തിയത് വയനാട്, പാലക്കാട് (അട്ടപ്പാടി), എറണാകുളം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നാണ്. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജി. കുമാരപിള്ള ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ സംസ്ഥാന മഹിളാ വിഭാഗം പ്രസിഡന്റ് കുഞ്ഞന്നാമ്മകുഞ്ഞ് (പത്തനംതിട്ട) തുടങ്ങിയവർ സമ്മേളന നടപടികൾ നിയന്ത്രിച്ചു. സ്ത്രീ വിമോചനനത്തിന് മദ്യനിരോധനം അത്യന്താപേക്ഷിതമാണെന്നുള്ള ബോധം വളർത്താൻ സമ്മേളനം ഉപകരിച്ചു. ഇത് പുതിയ ആവേശം ഉണർത്തി.

## 17. മന്മഥൻ സ്മാരക ട്രസ്റ്റ്

കേരളത്തിലെ മദ്യനിരോധന പ്രസ്ഥാനത്തിന്റെ അനിഷേധ്യനേതാവായിരുന്ന പ്രൊഫ. എം. പി. മന്മഥന്റെ സ്മരണയെ നിലനിർത്തുവാൻ ഒരു ട്രസ്റ്റ് രൂപീകരിക്കുന്ന കാര്യത്തിൽ കേരള മദ്യ നിരോധന സമിതി മുൻകൈ എടുക്കുകയും 1995 ആഗസ്റ്റ് 10-ാം തിയ്യതി ട്രസ്റ്റ് എറണാകുളത്തു രജിസ്റ്റർ ചെയ്യുകയും ഉണ്ടായി. നേരത്തേ തന്നെ അനൗപചാരികമായി ട്രസ്റ്റ് പ്രവർത്തനം ആരംഭിച്ചിരുന്നു. ട്രസ്റ്റിന്റെ ആപ്പീസ് മദ്യനിരോധനസമിതി ആപ്പീസ് തന്നെയാണ്.

## 18. ചില പ്രാദേശിക സമരങ്ങൾ

പാലക്കാട്ടു നഗരഹൃദയത്തിൽ മൂപ്പൻ കോംപ്ലെക്സിലെ അനധികൃതഷാപ്പിനെതിരായി 1993 ജൂൺ 11-ാം തിയ്യതി ആരംഭിച്ചതും എക്സൈസുകാരുടെ കള്ളക്കളികളിൽ കുടുങ്ങിയതുമായ സമരം; എറണാകുളം ജില്ലയിൽ കാലടിക്കടുത്തു ചൗരിക്കുന്നിൽ സ്ത്രീകൾ, പ്രത്യേകിച്ചും ഹരിജനസ്ത്രീകൾ കോളനിക്കടുത്തു വന്ന ഷാപ്പിനെതിരെ 1993 ആഗസ്റ്റ് 15 മുതൽ മാസങ്ങളോളം നടത്തിയ സമരം; എറണാകുളം ജില്ലയിൽ 7 ചാരായഷാപ്പും 2 കള്ളുഷാപ്പും വാറ്റുകേന്ദ്രങ്ങളും ഉള്ള തെക്കൻ ചിറ്റൂരിൽ 1993 ഒക്ടോബർ 2 മുതൽ നടത്തിയ ദീർഘസമരം; കോട്ടയം പട്ടണത്തിൽ മുഗൾ പാലസ് ബാറിനെതിരെ 1994 ഏപ്രിൽ 4 മുതൽ നടന്ന സമരം; പത്തനംതിട്ട ജില്ലയിൽ വള്ളിക്കോടു - കോട്ടയം എന്നഗ്രാമത്തിൽ ഒരു അനധികൃത ഷാപ്പിനെതിരെ 1995 മേയ് 19 മുതൽ നടന്ന രൂക്ഷസമരം; 1995-ൽ വയനാട്ടിലെ അപ്പപ്പാറയിൽ മദ്യനിരോധന

പ്രവർത്തകരായ ആദിവാസികളെ പീഡിപ്പിച്ച പോലീസിനെ വെള്ളം കുടിപ്പിച്ച സമരം; അതേ കാലത്ത് ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് സുമതിയുടേയും ചന്ദ്രികയുടേയും നേതൃത്വത്തിൽ ചുണക്കുട്ടികളായ സ്ത്രീകൾ നടത്തിയ സമരം (14.5.95 - 30.3.96) - ഇവയെല്ലാം സ്മരണീയങ്ങളാണ്.

## 19. വെള്ളറട, പന്നിമല

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ തമിഴ്നാട് അതിർത്തിയോടു ചേർന്നു കിടക്കുന്ന വെള്ളറട പ്രദേശത്തെ മദ്യവിരുദ്ധ സമരം ശ്രദ്ധേയമായത് പ്രതിയോഗികളുടെ ക്രൂരമായ അക്രമം കൊണ്ടാണ്. വെള്ളറട പഞ്ചായത്തിനെ മദ്യമുക്തമാക്കുകയായിരുന്നു ലക്ഷ്യം, പ്രശ്നം പ്രധാനമായും വ്യാജവാറ്റ് ആയിരുന്നു താനും. തിരുവനന്തപുരം രൂപതയുടെ കീഴിലുള്ള ടി. എസ്.എസ്.എസ് (ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി) മുൻകൈ എടുത്തു. കേരള മദ്യനിരോധനസമിതി ജില്ലാ ഘടകം സഹകരിച്ചു. വികാരി ഫാ. ജി. ക്രിസ്തുദാസ്, പഞ്ചായത്തു പ്രസിഡന്റ് എം. യേശുദാസ് എന്നിവർ രക്ഷാധികാരികളും ഡി.റസലയ്യൻ കൺവീനറും പഞ്ചാകുടി വിത്സകുമാർ സെക്രട്ടറിയും ആയി ഒരു കർമ്മസമിതി ഉടലെടുത്തു മുന്നേറി. സമിതി ശക്തി ആർജ്ജിച്ചു. അവർ 1994 ആദ്യം പ്രസ്ഥാനം ആരംഭിച്ചു. ദീർഘകാലബോധവൽക്കരണത്തിനുശേഷം വെള്ളറട - പന്നിമല പ്രദേശത്തു വ്യാജച്ചാരായവും വാറ്റുസാധനങ്ങളും നീങ്ങുന്നതിനെതിരെ നവംബർ 2 മുതൽ സമാധാനപരമായ ഉപരോധം തുടങ്ങി. 10-12-1994 പുലർച്ചയ്ക്കു 3. 30 നു 20 ഓളം വരുന്ന സന്നദ്ധഭടന്മാരെ 75 ഓളം വരുന്ന ഗുണ്ടാസംഘം പോലീസിന്റെ ഒത്താശയോടെ വെട്ടിയും കുത്തിയും കൊല്ലാൻ ശ്രമിച്ചു. 13 സന്നദ്ധഭടന്മാരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ റസലയ്യൻ, ഗീതാ ജോൺ എന്നിവർ മരണത്തിൽ നിന്നു രക്ഷപ്പെട്ടത് ദൈവകാരുണ്യം ഒന്നുകൊണ്ടു മാത്രമാണെന്ന് അവർ വിശ്വസിക്കുന്നു. ഏതായാലും സമരം പൂർവ്വാധികം ശക്തിയോടെ തുടർന്നു. രണ്ടു വർഷം കഴിഞ്ഞു വീണ്ടും നിഷ്ഠൂരമായ അക്രമം ഉണ്ടായി. കർമ്മസമിതി ജോയിന്റ് കൺവീനറും സാമൂഹ്യപ്രവർത്തകനുമായിരുന്ന 31 വയസ്സുകാരൻ എ.രാജേന്ദ്രനെ വ്യാജവാറ്റിന്റെ ദല്ലാളുകൾ 1996 നവംബർ 4-ാം തിയ്യതി രാത്രി ലോറി കയറ്റി കൊന്നു. 6-11-1996 -ലെ 'മാതൃഭൂമി'യിൽ വിശദ

വിവരങ്ങൾ കാണാം. ആദ്യം അക്രമത്തിന് ഇരയായ 13 പേരിൽ ഒരാളായിരുന്നു രാജേന്ദ്രൻ. ഈ അരുംകൊലയും പ്രവർത്തകരുടെ ആവേശം കെടുത്തിയില്ല.

## 20. അട്ടപ്പാടി

അട്ടപ്പാടിയിലെ സമരം നമ്മെ സ്പർശിക്കുന്നതു മറ്റൊരു വിധത്തിലാണ്. പാലാക്കാട്ടു താലൂക്കിലെ വിസ്തൃതമായ ഒരു ആദിവാസി മേഖലാണിത്. കുടിയേറ്റക്കാർക്കാണു ഭൂരിപക്ഷമെങ്കിലും ഇത്രയും പട്ടികവർഗ്ഗക്കാരുള്ള ഏതാണ്ട് ഒറ്റപ്പെട്ട മറ്റൊരു പ്രദേശം സംസ്ഥാനത്ത് ഇല്ല. 100ഓളം ലൈസൻസില്ലാത്ത ഷാപ്പുകൾ പൂട്ടുക, ദൂരപരിധി ലംഘിക്കുന്ന 50 ഷാപ്പുകൾ മാറ്റുക – ഇതായിരുന്നു ആദ്യത്തെ പ്രശ്നം. മദ്യനിരോധന മേഖലാ സമിതി ഫാ. മാണി പറമ്പേടത്ത് രക്ഷാധികാരിയും പിറുക്ക മൂപ്പൻ പ്രസിഡന്റും ആയി രൂപം കൊള്ളുകയും നിരവധി നിവേദനങ്ങൾ നടത്തുകയും ചെയ്തു. ഫലമില്ലെന്നു കണ്ടപ്പോൾ 1994 ഏപ്രിൽ 1–ന് അഗളിയിൽ സമ്മേളനം ചേർന്നു സമരം പ്രഖ്യാപിച്ചു. തുടർന്ന് ആ ദിവാസികളുടെ കുലദൈവമായ ചെമ്മന്നൂരിലെ മല്ലീശ്വരക്ഷേത്രപരിസരത്തുള്ള ഷാപ്പുകൾ അടച്ചുപൂട്ടുവാൻ രാമത്താൾമൂപ്പത്തി, മരുതമൂപ്പൻ തുടങ്ങിയ വരുടെ നേതൃത്വത്തിൽ സത്യാഗ്രഹം ആരംഭിച്ചു. അതു വിജയിച്ചപ്പോൾ അഗളി, പുത്തൂർ, ഷോളയാർ എന്നീ മൂന്നു പഞ്ചായത്തുകളിലും സമരാവേശം പടർന്നു. സന്നദ്ധഭടന്മാരെ കള്ളക്കേസുകളിൽ കുടുക്കി പിൻതിരിപ്പിക്കാനാണു മദ്യദല്ലാളന്മാർ ശ്രമിച്ചത്. ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ അനധികൃതഷാപ്പുകൾ അടപ്പിച്ചപ്പോൾ മദ്യമുതലാളി ഹൈക്കോടതിയെ സമീപിച്ചു. പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതലാളിക്ക് അനുകൂലമായി കള്ളസാക്ഷി പറഞ്ഞു എന്നാരോപിച്ച് ആയിരത്തോളം പ്രവർത്തകർ അഗളിയിൽ കൂടി അവിടെനിന്നു പാലക്കാട്ടെത്തി കുറ്റിച്ചൂലുമേന്തി പ്രതിഷേധപ്രകടനം നടത്തി. വലിയൊരു പോലീസ് സന്നാഹം ഉണ്ടായിരുന്നിട്ടും ഒരു സംഘം സഹോദരിമാർ കളക്ടറേറ്റിന്റെ മൂന്നാം നിലയിൽ കടന്ന് എക്സൈസ് ആഫീസിന്റെ നേർക്കുനേർ നിന്നു മുദ്രാവാക്യം വിളിച്ചു. പാലക്കാട്ടു നഗരത്തിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഈ പരിപാടിയുടെ സൂത്രധാരൻ സംസ്ഥാനസെക്രട്ടറി വിളയോടി വേണുഗോപാൽ ആയിരുന്നു. ഒടുവിൽ അനധികൃത

ഷാപ്പുകളെല്ലാം അധികൃതർ പൂട്ടി 1995 ഏപ്രിൽ 1 മുതൽ അധികൃതഷാപ്പുകളും വേണ്ടെന്നു വെച്ചു. ആദിവാസി ക്ഷേമത്തിനു വേണ്ടി കേന്ദ്രസർക്കാർ ഇറക്കിയ ഒരു പഴയ ഉത്തരവു പ്രകാരം ആയിരുന്നു ഇത്. ഈ ഉത്തരവു വളരെക്കാലമായി ആരോ പതുക്കി വെച്ചിരിക്കയായിരുന്നു.

നിയമപ്രകാരം ഷാപ്പുകളൊന്നുമില്ലെങ്കിലും ഇന്നും അട്ടപ്പാടിയിൽ മദ്യം ഒഴുകുന്നു. ഒഴുക്കാൻ മുതലാളി പ്രതിജ്ഞ എടുത്തിരിക്കുന്നു. മുതലാളിക്കു രാഷ്ട്രീയസ്വാധീനം ഉണ്ടു താനും.